3. ടീച്ചർമാർക്കു പ്രാവിഡൻറ്ഫണ്ടു് ഏർപ്പെടുത്തണമെന്നു് നിർദ്ദേശിച്ചു. രൂപയ്ക്കു 9 പൈസാ ടീച്ചർ കൊടുക്കണമെന്നും ബാക്കിയുള്ളതു് ഗവണ്മെൻറിൽനിന്നും കൊടുക്കണമെന്നും നിർദ്ദേശിച്ചു.

4. സ്കൂളുകളുടെ ആവശ്യത്തിനുള്ള സാമഗ്രികളുടെ മൊത്തവിലയിൽ 25 ശതമാനം ഗവണ്മെൻറു് കൊടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

5. സ്കൂൾ സംരക്ഷണത്തിനായി ആണ്ടുതോറും ഒരു വിഷയം പഠിപ്പിക്കുന്ന സ്കൂളിനു 150 രൂപയും ഒന്നിൽക്കൂടുതൽ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്കൂളുകൾക്കു ഒരു വിഷയത്തിനു 25 രൂപ വീതം കൂടുതലായും കൊടുക്കണമെന്നു നിർദ്ദേശിച്ചു.

(സി) വ്യവസായങ്ങൾക്കു് ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചു് തീരുമാനമെടുക്കുന്നതിനും മറ്റും "State Aid to Industries Act." അനുസരിച്ചു് പ്രവർത്തിക്കുന്ന ഒരു ബോർഡു് ഉണ്ടു്. ആ ബോർഡു് Industries Department ൻറെ കീഴിൽ പ്രവർത്തിക്കുന്നു.

ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശ.

254. [10] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജയിൽ റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു് എവിടെയെല്ലാം സബ് ജയിലുകൾ തുറന്നിട്ടുണ്ടു്;

(ബി) ഈ വർഷംതന്നെ മുഴുവൻ സ്ഥലങ്ങളിലും തുറന്നു പ്രവർത്തനം ആരംഭിക്കുമോ?

ഉത്തരം.

(എ) ജയിൽ റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു് നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇരിങ്ങാലക്കുട, ആലുവാ എന്നീ സ്ഥലങ്ങളിൽ സബ് ജയിലുകൾ തുറന്നിട്ടുണ്ടു്.

(ബി) ബാക്കി തുറക്കുവാൻ അനുവദിച്ചുരായ നാലു് സബ് ജയിലുകൾ ഈ വർഷംതന്നെ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശാസ്താംകോട്ട കുന്നംപുറത്തെ കുടികിടപ്പുകാർ.

255. [11] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) ശാസ്താംകോട്ട കുന്നംപുറത്തെ കുടിപാർപ്പുകാരായ 36-ൽ പരമുള്ള ഭൂമിയില്ലാത്ത കർഷകത്തൊഴിലാളി കുടുംബങ്ങളെ അവർ കുടികിടക്കുന്ന സക്കാർ പുറമ്പോക്കിൽനിന്നും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോ; ഈ നടപടി മുൻ പി. എസ്. പി. ഗവണ്മെൻറു് നിറുത്തിവച്ചിരുന്നതല്ലേ; ഈ നടപടി വീണ്ടും തുടങ്ങാൻ കാരണമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly